"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കൃഷി വകുപ്പിൽ നിന്നും പുനർവിന്യസിച്ചിരുന്ന ക്ലർക്ക് ശ്രീമതി രചന സി -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീ. അജിത്ത് എ വി -യെ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2468/2024/LSGD തീയതി,തിരുവനന്തപുരം, 16-12-2024**

---

പരാമർശം:-

1. കൃഷി ഡയറക്ടറുടെ 22/06/2024-ലെ ADFW/1134/2021-SA4 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 15/08/2024-ലെ LSGD/PD/17211/2024-DEH4 നമ്പർ കത്ത്.
3. കൃഷി ഡയറക്ടറുടെ 23/11/2024-ലെ ADFW/1134/2021-SA4 നമ്പർ കത്ത്.

**ഉത്തരവ്**

കൃഷി വകുപ്പിൽ നിന്നും അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്തിൽ ദീർഘകാലമായി പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി രചന സി മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിക്കുന്നതിന് സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് തുടർനടപടികൾക്കായി പരാമർശം (1) പ്രകാരം വകുപ്പ് മേധാവി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ ടിയാനെതിരെ വിജിലൻസ് കേസുകളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്ന ശ്രീമതി. രചന സി-യ്ക്ക് പകരം പേരാമ്പ്ര കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക്, ശ്രീ. അജിത്ത് എ വി -യുടെ ഓപ്ഷൻ പരിഗണിക്കണമെന്ന് പരാമർശം (3) പ്രകാരം വകുപ്പ് മേധാവി ശിപാർശ ചെയ്യുകയുണ്ടായി.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കൃഷി വകുപ്പിൽ നിന്നും അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്തിൽ 2016 മുതൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി രചന സി -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം പേരാമ്പ്ര കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക്, ശ്രീ. അജിത്ത് എ വി -യെ ടി യാന്റെ ഓപ്ഷൻ പരിഗണിച്ച്, നിലവിലുള്ള പുനർവിന്യാസ വ്യവസ്ഥകൾക്ക് വിധേയമായി ഓമശ്ശേരി ഗ്രാമപഞ്ചായത്തിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ശ്രീ രചന സി, ക്ലർക്ക്, അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്ത് (കൃഷി ഡയറക്ടർ മുഖേന)
ശ്രീ.അജിത്ത് എ വി, ക്ലർക്ക്, പേരാമ്പ്ര കൃഷി അസിസ്റ്റന്റിന്റെ കാര്യാലയം.(കൃഷി ഡയറക്ടർ മുഖേന)
സെക്രട്ടറി, അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 16-12-2024 15:12:29

സെക്ഷൻ ഓഫീസർ